**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6592** **11-07-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്‌തീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി, റീബിൽഡ് കേരള, കെ.എസ്.റ്റി.പി. എന്നീ പദ്ധതികൾ വഴി പൊതുമരാമത്ത് വകുപ്പിൽ എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ഈ സർക്കാരിന്റെ കാലത്ത് നൽകിയതെന്ന് വിശദമാക്കാമോ; | (എ) | **കെ ആർ എഫ് ബി പി.എം.യു**<br><br>ഈ സർക്കാരിന്റെ കാലത്ത് കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബിയുടെ നിർവ്വഹണ പരിധിയിൽ വരുന്ന 20 ജംഗ്ഷൻ, 6 ബൈപ്പാസ് , കേശവദാസപുരം മുതൽ അങ്കമാലി വരെയുള്ള എം.സി റോഡ് 4 വരിപ്പാത ആക്കുന്നത്, കൊല്ലം -ചെങ്കോട്ട 4 വരിപ്പാതയാക്കുന്നത് എന്നീ പ്രവർത്തികൾക്കായി 05.11.2022 തീയതിയിലെ GO(Rt)No.1069/2022/PWD ഉത്തരവ് പ്രകാരം 1900 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**കെ.എസ്ടി.പി**<br><br>കെ.എസ്ടി.പി RKI പദ്ധതിയിൽ ഉൾപ്പെട്ട വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ മുതൽ നാലാം മൈല് വരെയുള്ള റോഡിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തിക്കായി 60.38 കോടി രൂപയുടെ ഭരണാനുമതി 16.10.2023 തീയതിയിലെ GO(Rt). No.399/2023/P&EA സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. കെ.എസ്.ടി.പി RKI പദ്ധതിയിൽ ഉൾപ്പെട്ട ഗാന്ധിനഗർ മെഡിക്കൽ കോളേജ് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തി പൂർത്തീകരിച്ചുവെങ്കിലും പ്രസ്തുത റോഡിൽ നിന്നും മാന്നാനം പാലം വരുന്ന 320 മീറ്റർ റോഡ് ഒഴിവാക്കിയിട്ടുണ്ട്. മാന്നാനത്തു പുതിയ പാലത്തിന്റെ ഡിസൈൻ , ഡി.പി.ആർ എന്നിവ തയ്യാറാക്കി RKI യുടെ അംഗീകാരത്തിനു സമർപ്പിക്കുകയും G.O(Rt)No.406/2023/P&EA Dated 20-10-2023 പ്രകാരം 24.83 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തു.<br><br>**ആർ.ബി.ഡി.സി.കെ** |

| | | | |
|---|---|---|---|
| | | | കിഫ്ബി ഫണ്ട് വഴി 7.5 കോടി ചെലവഴിച്ച് അമല ആർ.ഒ.ബി നിർമ്മിക്കുന്നതിനായി 16.08.2023 ലെ സ.ഉ(സാധാ)നം.1109/2023/PWD ഉത്തരവ് പ്രകാരം ആർ.ബി.ഡി. സി.കെ യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (S.P.V) ആയി നിയമിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി General Arrangement Drawing തയ്യാറാക്കി റെയിൽവേയുടെ അംഗീകാരത്തിനായി 20.02.2024 ന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം തൃശ്ശൂർ ജില്ലയിൽ എത്ര കോടി രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്? | (ബി) | **കെ ആർ എഫ് ബി പി.എം.യു**<br><br>05.11.2022 തീയതിയിലെ GO(Rt)No.1069/2022/PWD ഉത്തരവ് പ്രകാരം 20 ജംഗ്ഷൻ വികസന പ്രവർത്തികൾക്കായി 200 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ ജംഗ്ഷന്റെ വികസനവും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ